49-ാമത് സ്കൂൾ നാഷണൽ അത്‌ലറ്റിക് മീറ്റിൽ പങ്കെടുത്ത 67 കുട്ടികൾക്ക് ഒരു വർഷത്തേക്ക് സ്കോളർഷിപ്പ് നൽകിവരുന്നു. (അനുബന്ധം—2)†

1998-മുതൽ 2002 മാർച്ച് മാസം വരെയുള്ള കാലയളവിൽ ദേശീയ-അന്തർ ദേശീയ മത്സരങ്ങളിൽ പങ്കെടുത്ത് നേട്ടം കൈവരിച്ചവർക്ക് 31-10-1997-ലെ ജി. ഒ. (ആർടി.) 3783/97/പൊ.വി. നമ്പർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ക്യാഷ് അവാർഡ് തുക നൽകിയിട്ടുണ്ട്.(അനുബന്ധം—3)†

എം. പി., എം. എൽ. എ. ഫണ്ടുപയോഗിച്ച് നിർമ്മാണം നടക്കുന്ന സ്റ്റേഡിയങ്ങൾ

111 [3367] *ശ്രീ. ടി. എൻ. പ്രതാപൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എം. പി., എം. എൽ. എ. ഫണ്ടുകൾ ഉപയോഗിച്ച് നിർമ്മാണം നടക്കുന്ന എത്ര സ്റ്റേഡിയങ്ങൾ ഉണ്ട്; അവ ഏതെല്ലാമാണെന്ന് അറിയിക്കാമോ;

(ബി) സംസ്ഥാനത്ത് ഇപ്പോൾ നിർമ്മാണത്തിലിരിക്കുന്ന സ്റ്റേഡിയങ്ങൾ ഏതെല്ലാമാണ്; ഇതിൽ ഇൻഡോർ സ്റ്റേഡിയം എത്രയുണ്ട്; അവ എവിടെയെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(സി) സംസ്ഥാനത്തെ ഏതെല്ലാം നിയമസഭാ സാമാജികന്മാർ സ്പോർട്സ് സ്റ്റേഡിയങ്ങൾക്കായി എം.എൽ.എ. ഫണ്ട് നൽകിയിട്ടുണ്ട്; ഓരോരുത്തരും നൽകിയ സംഖ്യ വ്യക്തമാക്കാമോ;

(ഡി) സംസ്ഥാനത്ത് ഏതെല്ലാം സ്റ്റേഡിയങ്ങൾക്കാണ് കേന്ദ്ര-സ്പോർട്സ് അതോറിറ്റി സഹായം നൽകുന്നത്; ഏതെല്ലാം സ്റ്റേഡിയങ്ങൾക്കാണ് സഹായം ലഭിക്കുന്നതിന് സംസ്ഥാന സ്പോർട്സ് വകുപ്പ് കേന്ദ്രത്തിൽ അപേക്ഷ സമർപ്പിച്ചിട്ടുള്ളത്; അവ ലഭിക്കുന്നത് സംബന്ധിച്ച് എന്തെങ്കിലും ഉറപ്പ് ലഭിച്ചിട്ടുണ്ടോ;

(ഇ) എം.പി., എം.എൽ.എ. ഫണ്ടുകൾ ഉപയോഗിച്ച് നിർമ്മാണം നടന്നു വരുന്ന തൃപ്രയാർ ഇൻഡോർ സ്റ്റേഡിയത്തിന്റെ നിർമ്മാണപ്രവർത്തനങ്ങൾ മന്ദഗതിയിലാണെന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഈ പ്രവൃത്തികൾ വേഗതയിൽ നടക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ?

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) & (ബി) വിവരം ശേഖരിച്ചുവരുന്നു.

(സി) കളിസ്ഥലങ്ങളുടെ നിർമ്മാണത്തിനായി എം.എൽ.എ. ഫണ്ടിൽനിന്നും താഴെ പറയുന്ന തോതിൽ സഹായം ലഭ്യമാക്കുന്നത് സംബന്ധിച്ച് സമ്മതം ലഭിച്ചിട്ടുണ്ട്:

1. തൃപ്രയാർ ഇൻഡോർ സ്റ്റേഡിയം — ശ്രീ. ടി. എൻ. പ്രതാപൻ, എം.എൽ.എ. (25 ലക്ഷം രൂപ)

2. വടകര ഇൻഡോർ സ്റ്റേഡിയം — ശ്രീ. സി. കെ. നാണു, എം.എൽ.എ. (25 ലക്ഷം രൂപ)

3. കോണാർ വയൽ സ്റ്റേഡിയം — ശ്രീ. കോടിയേരി ബാലകൃഷ്ണൻ, എം.എൽ.എ. (50 ലക്ഷം രൂപ)

4. കണിയാകുളം ആലപ്പുഴ സ്റ്റേഡിയം — ശ്രീ. കെ. സി. വേണുഗോപാൽ, എം.എൽ.എ. (ബഹു. ടൂറിസവും ദേവസ്വവും വകുപ്പുമന്ത്രി സാമ്പത്തിക സഹായം വാഗ്ദാനം ചെയ്തിട്ടുണ്ട്.)

(ഡി) സ്റ്റേഡിയങ്ങളുടെ നിർമ്മാണത്തിനായി 50% കേന്ദ്രസഹായത്തിനായി 19 അപേക്ഷകൾ സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. ഇതിൽ നെടുമങ്ങാട്, പുനലൂർ എന്നീ പദ്ധതികൾക്ക് കേന്ദ്രസഹായം വാഗ്ദാനം ചെയ്തുകൊണ്ട് അനുവാദം ലഭിച്ചിട്ടുണ്ട്. മറ്റുള്ളവ പരിഗണനയിലിരിക്കെ 1-4-2005 മുതൽ കേന്ദ്രസഹായ പദ്ധതി കേന്ദ്ര സർക്കാർ നിർത്തിവെച്ചിരിക്കുകയാണ്. സ്റ്റേഡിയങ്ങളുടെ പേരുവിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്.†

(ഇ) ഉണ്ട്. രണ്ടാം ഘട്ട നിർമ്മാണപ്രവർത്തനങ്ങൾക്കായി 2005-06 ഉപധനാഭ്യർത്ഥനയിൽ തുക വകയിരുത്താൻ നടപടി സ്വീകരിച്ചുവരുന്നു.

വെള്ളായണി അഗ്രികൾച്ചറൽ കോളേജിലെ സ്പോർട്സ് ഹോസ്റ്റൽ

112 [3368] *ഡോ. എ. നീലലോഹിതദാസൻ നാടാർ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വെള്ളായണി അഗ്രികൾച്ചറൽ കോളേജ് കാമ്പസിൽ നടന്നുവരുന്ന പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട കുട്ടികൾക്കുള്ള സ്പോർട്സ് ഹോസ്റ്റലിന്റെ പ്രവർത്തനങ്ങൾ സ്പോർട്സ് വകുപ്പ് വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദാംശം വെളിപ്പെടുത്തുമോ;

---

† അനുബന്ധം IX കാണുക.

LIBRARY ARCHIVES Kerala Legislative Assembly